ശ്രീ. ടി. എം. ജേക്കബ് : അത് രണ്ടും ഒരേ രൂപത്തിൽ പറഞ്ഞിട്ട് കാര്യമില്ല. നേരത്തെ ഉണ്ടായിരുന്നതെന്നുപറയുന്നത് ഗവൺമെൻറ് കൂടുതൽ പണം കൊടുക്കുകയും മാനേജുമെൻറ് 25 ശതമാനം പണം മുടക്കുകയും ചെയ്യുകയാണ്. നോൺറെക്കറിംഗ് എക്സ്പെൻറിച്ചറിൻറെ തന്നെ 25 ശതമാനമാണ് മാനേജ്മെൻറ് മുടക്കിക്കൊണ്ടിരിക്കുന്നത്. 75 ശതമാനം ഗവൺമെൻറ് കൊടുത്തുകൊണ്ടിരുന്നു. ഇപ്പോൾ അത് മാറ്റി 75 ശതമാനം മാനേജ്മെൻറ് മുടക്കുകയും 25 ശതമാനം ഗവൺമെൻറ് മുടക്കുകയും ചെയ്യുന്നതാക്കി. അതുപോലെ റെക്കറിംഗ് എക്സ്പെൻറിച്ചറിൻറെ 25 ശതമാനം ഇപ്പോൾ ഇല്ല. ആ 25 ശതമാനം കൂടി മാനേജുമെൻറ് മുടക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും കൂടുതൽ ഓഡിയായി സ്ഥാപനങ്ങൾ നടത്താൻ താൽപ്പര്യം ഉള്ള വ്യക്തികളും സ്ഥാപനങ്ങളും മാത്രം അത് നടത്തിയാൽ മതിയെന്നുമുള്ള ആഗ്രഹത്തോടുകൂടിയാണ് ഗവൺമെൻറ് അങ്ങനെ ചെയ്തിരിക്കുന്നത്.

ശ്രീ. കെ. മുസ്സക്കുട്ടി : കഴിഞ്ഞ രണ്ടുവർഷം മുമ്പ് സഹകാര്യ മേഖലയിൽ പോളിടെക്നിക്കുകൾ കൊണ്ടുവരാൻ ഗവൺമെൻറ് തീരുമാനമെടുക്കുകയും അത് പിന്നെ നിർത്തിവയ്ക്കുകയും ചെയ്തത് എന്ത് കാരണത്താലാണ്? ഇപ്പോൾ പരിഗണനയിലാണെന്നു പറഞ്ഞു അത് നിർത്തിവയ്ക്കാനുണ്ടായ കാരണമെന്താണ് ?

ശ്രീ. ടി. എം. ജേക്കബ് : ഗവൺമെൻറ് അത് നിർത്തിവെച്ചിട്ടില്ല. അന്ന് ഗവൺമെൻറ് നയപരമായ തീരുമാനമെടുത്തതിനുശേഷം അപേക്ഷകൾ ക്ഷണിച്ചിരുന്നു. അതനുസരിച്ച് 112 അപേക്ഷകൾ ഗവൺമെൻറിന് കിട്ടി. 106 എണ്ണം അതിൽ വാലിഡ് ആപ്ലിക്കേഷൻസ് ആണെന്നു കണ്ടു. അതിൻറെ അനന്തര നടപടികൾ ഗവൺമെൻറ് സ്വീകരിച്ചു വരികയാണ്.

(2) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സഹകരണ മേഖലയിൽ നബാർഡിൻറെ കാർഷിക വായ്പാ പദ്ധതി

*298. [321] ശ്രീ. കെ. കെ. തോമസ് :
,, രാഘവൻ പൊഴക്കടവിൽ :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, ജോസ് കുറ്റ്യാനി :
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ നബാർഡിൻറെ കാർഷിക വായ്പാ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എത്രകോടി രൂപയുടെ വായ്പ നല്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) എപ്പോൾ മുതൽ ഈ പദ്ധതി നടപ്പിൽ വരും ; അതിൻറെ വിശദവിവരം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഉണ്ട്.

(ബി) ഈ സഹകരണ വർഷം (1986-87) നബാർഡിന്റെ പുനർധന സഹായ പദ്ധതി പ്രകാരം സഹകരണമേഖലയിൽ നല്കുവാനുദ്ദേശിക്കുന്ന വായ്പകളുടെ വിവരം ചുവടെ ചേർക്കുന്നു :—

(1) സംസ്ഥാന സഹകരണ ബാങ്കുവഴി

	(രൂപ ലക്ഷത്തിൽ)
ഹ്രസ്വകാല വായ്പ	7,000.00
മദ്ധ്യകാല വായ്പ	100.00
ദീർഘകാല കാർഷിക പദ്ധതി വായ്പ	555.00
ഐ. ആർ. ഡി. പി.	250.00
ആകെ	7,905.00

(2) സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കുവഴി

3,700 ലക്ഷം

(സി) ഈ പദ്ധതികളും ഇപ്പോഴും തന്നെ നടത്തികൊണ്ടിരിക്കുകയാണ്. വിശദവിവരങ്ങളും താഴെ ചേർത്തിരിക്കുന്നു.

(എ) സംസ്ഥാന സഹകരണബാങ്കുവഴി

ഹ്രസ്വകാല കാർഷിക വായ്പകളും മദ്ധ്യകാല കാർഷിക വായ്പകളും നല്കുന്നതിനാവശ്യമായ പുനർധനസഹായം നബാർഡ് സംസ്ഥാന സഹകരണബാങ്കുവഴി നല്കി വരുന്നു. കൂടാതെ അഞ്ചുവർഷത്തിനുപരിയായ കാർഷിക വായ്പകളും പദ്ധതി അടിസ്ഥാനത്തിൽ നല്കുന്നതിനാവശ്യമായ പുനർധന സഹായവും നബാർഡ് നല്കുന്നുണ്ട്. ഓരോ പ്രാഥമിക കാർഷിക സഹകരണസംഘവും അതാതു പ്രദേശത്ത് അനുയോജ്യമായ കാർഷിക പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കുകയാണ് പ്രത്യേക പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(ബി) സഹകരണ കാർഷിക വികസന ബാങ്കുവഴി

കാർഷിക വികസനത്തിനായി നബാർഡ് വികസനവായ്പകളും നല്കിവരുന്നു. ഇവ ദീർഘകാല വായ്പകളാണ്. 1986-87-ൽ ഈ ബാങ്കുവഴി വിതരണം ചെയ്യാനുദ്ദേശിക്കുന്ന 3,700 ലക്ഷം രൂപയിൽ 2,200 ലക്ഷം രൂപ പ്രത്യേക കാർഷികവികസന പദ്ധതികൾക്കുവേണ്ടി ചെലവാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ബാക്കി 1,500 ലക്ഷം രൂപ സാധാരണ ദീർഘകാല വായ്പയായി നല്കുവാനാണ് പരിപാടി.

LIBRARY ARCHIVES Kerala Legislative Assembly